©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ഡിസംബർ 10<br>10th December 2024<br>1200 വൃശ്ചികം 25<br>25th Vrischikam 1200<br>1946 അഗ്രഹായനം 19<br>19th Agrahayana 1946 | നമ്പർ<br>No. | **3942** |


FORM No.7

[See rule 18(1)]

**PRELIMINARY NOTIFICATION UNDER SECTION (1) OF SECTION 11**

C7-5258/2023/DCIDK 3rd December 2024

WHEREAS, the Government of Kerala have as per G.O. (P) No. 649/15/RD dated 04-12-2015 Appointed the Special Tahsildar (LA), Thodupuzha to perform the functions of a Collector for the purpose of Land Acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, the Government hereby appoint Deputy Collector (LA), Idukki as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition;

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for Pappootty Hall Vengalloor River View Road Development.

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub section (1) of section 11 of Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interest in the said land are accordingly required to lodge before the Special Tahsildar (LA) Thodupuzha within 15 days from the date of publication of the above notification or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website of the district: www.idukki.nic.in

കേരള സർക്കാരിന്റെ 04-2-2015-ാം തീയതിയിലെ 649/15/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുതലകൾ നിർവ്വഹിക്കുവാൻ തൊടുപുഴ (എൽ.എ.) സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനഃരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി ഇടുക്കി എൽ.എ.ഡെപ്യൂട്ടി കളക്ടറെ സർക്കാർ ഇതിനാൽ നിയമിക്കുന്നതിനാലും;

ഇതോടൊപ്പവുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പാപ്പൂട്ടിഹാൾ വെങ്ങല്ലൂർ റോഡ് വികസനത്തിന് ആവശ്യമുണ്ടന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട എല്ലാവർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾക്കനുസൃതമായി അക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊന്നുംവിലക്കെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇതുസംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തൊടുപുഴ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപ്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം താഴെ കൊടുത്തിരിക്കുന്നു. ആയതിന്റെ പൂർണ്ണരൂപം ഇടുക്കി ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ www.idukki.nic.in.ൽ ലഭ്യമായിട്ടുള്ളതാണ്.

**പട്ടിക**

*ജില്ല–ഇടുക്കി*

*താലൂക്ക്–തൊടുപുഴ* *വില്ലേജ്–തൊടുപുഴ*

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നമ്പർ | സർവ്വെ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റുന്നതിനുള്ള കാരണം | ഉടമസ്ഥന്റെ പേര് | തണ്ടപ്പേര് നമ്പർ |
|---|---|---|---|---|---|---|---|
| 1 | 271/23 (271/1-6-2) | പുരയിടം | 0.0118 | തൊടുപുഴ – പാപ്പൂട്ടിഹാൾ - വെങ്ങല്ലൂർ (റിവർവ്യൂ) റോഡ് വികസനം | കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നില്ല. | 1. തൊടുപുഴ വില്ലേജ് ഒളമറ്റം കര, വെള്ളരിങ്ങാട്ട് വീട്ടിൽ സെൽബി ചാക്കോ ഭാര്യ ഗെയ്റ്റി ചാക്കോ<br>2. തൊടുപുഴ വില്ലേജ് ഒളമറ്റം കര, വെള്ളരിങ്ങാട്ട് വീട്ടിൽ സെൽബി ചാക്കോ മകൻ മാർക്ക് സെൽബി ചാക്കോ<br>3.തൊടുപുഴ വില്ലേജ് ഒളമറ്റം കര, വെള്ളരിങ്ങാട്ട് വീട്ടിൽ സെൽബി ചാക്കോ മകൾ കരീസ സെൽബി ചാക്കോ | 33879 |

പാപ്പൂട്ടിഹാൾ വെങ്ങല്ലൂർ റിവർ വ്യൂ റോഡ് വികസനത്തിനായി ഏറ്റെടുക്കുന്ന സർവ്വെ നമ്പരിൽ ഉൾപ്പെട്ട മുഴുവൻ ഭൂമിയും നഗരപ്രദേശത്ത് ഉൾപ്പെട്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം**

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന ഏജൻസി – ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര, കൊച്ചി

**പദ്ധതിയും പൊതുജനതാൽപര്യവും.**

ഇടുക്കി ജില്ലയിൽ, തൊടുപുഴ താലൂക്കിലെ തൊടുപുഴ വില്ലേജിൽ ധന്വന്തരി ജംഗ്ഷനിൽ ഉൾപ്പെടുന്ന 0.0118 ഹെക്ടർ ഭൂമി പാപ്പൂട്ടിഹാൾ വെങ്ങല്ലൂർ റിവർവ്യൂ റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി മൂലം ഭൂവുടമകൾ ടി സ്ഥലത്ത് താമസമില്ലാത്തിനാലും, ഈ കെട്ടിടത്തിൽ സ്ഥിര വാടകക്കാർ ഇല്ലാത്തിനാലും നഷ്ടങ്ങൾ ഒന്നും സംഭവിക്കില്ലാ എന്നതിനാൽ അനുകൂല മനോഭാവമാണ് ഉള്ളത് എന്ന് പഠന സംഘം വിലയിരുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനത്തിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും, പദ്ധതിയുടെ ഗുണങ്ങളും, ദോഷങ്ങളും തുലനം ചെയ്തതിനുശേഷവും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രത്യാഘാത ദൂരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമ്പത്തിക നേട്ടങ്ങൾ ഇതിന്റെ വിപരീത പ്രത്യാഘാതങ്ങളേക്കാൾ കൂടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി തീരുമാനിച്ചു. ആയതിനാൽ തൊടുപുഴ – പാപ്പൂട്ടിഹാൾ വെങ്ങല്ലൂർ റിവർവ്യൂ റോഡ് ഇമ്പ്രൂവ്മെന്റിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(ഒപ്പ്)
ജില്ല കളക്ടർ, ഇടുക്കി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.10 04:07:13 +05:30